بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ സംഗ്രഹം 9-10-2026**

# വാഗ്ദത്ത മസീഹി(അ)ന്റെ തവക്കുൽ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ - بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറത്തുൽ ഫാത്തിഹയും ഓതിയ ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുൾ ചെയ്തു:

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ തവക്കുലിന്റെ സംഭവങ്ങൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) എഴുതുന്നു:

ചികിത്സയുടെ കാര്യത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ രീതി, ഒരേ തരം ചികിത്സ മാത്രം ഒരിക്കലും അവലംബിക്കാറില്ല എന്നതായിരുന്നു; മറിച്ച് ഒരേ രോഗത്തിന് ഇംഗ്ലീഷ് മരുന്നുകളും യുനാനി മരുന്നുകളും നൽകുമായിരുന്നു! പ്രയോജനപ്രദമായ കാര്യം ആരെങ്കിലും പറഞ്ഞാൽ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമായിരുന്നു. ആർക്കെങ്കിലും സ്വപ്നത്തിലൂടെ വല്ല അറിവും ലഭിച്ചാൽ ചിലപ്പോൾ ആ സ്വപ്നത്തിന്റെ അടിസ്ഥാനത്തിലും അവിടുന്ന് പ്രവർത്തിക്കുമായിരുന്നു!

അതോടൊപ്പം ദുആയും ചെയ്യുമായിരുന്നു; ഒരേ സമയം ഡോക്ടർമാരുമായും വൈദ്യന്മാരുമായും കൂടിയാലോചനകൾ നടത്തുകയും ചെയ്യുമായിരുന്നു. വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ പരിശോധിച്ചും ചികിത്സയ്ക്ക് സഹായം തേടിയിരുന്നു. ചുരുക്കത്തിൽ, എല്ലാ ചികിത്സാരീതികളും ഉൾക്കൊള്ളുന്ന ഒന്നായിരുന്നു അത്. എന്നാൽ അല്ലാഹുവിൽ മാത്രമായിരുന്നു അവിടുന്ന് യഥാർഥത്തിൽ വിശ്വാസം അർപ്പിച്ചിരുന്നത്.

പ്രവാചകന്മാരുടെയും സാധാരണ മനുഷ്യരുടെയും പരിഭ്രമത്തിലുള്ള അന്തരം വ്യക്തമാക്കി ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളിച്ചെയ്യുന്നു:

മനോവ്യഥകൾ ഉണ്ടാവുക മാനുഷികമായ ഒരു സഹജഭാവമാണ്. സകല പ്രവാചകന്മാരും അതിൽ പങ്കാളികളുമാണ്. ബദർ യുദ്ധവേളയിൽ റസൂൽ കരീം (സ)ന് അസ്വസ്ഥചിത്തനായി. സാധാരണ ജനങ്ങളും പ്രവാചകന്മാരും തമ്മിലുള്ള വ്യത്യാസം എന്തെന്നാൽ, സാധാരണക്കാരെപ്പോലെ പ്രവാചകന്മാരുടെ മനോവ്യഥകളിൽ ഒരിക്കലും നിരാശ ഉണ്ടാകാറില്ല! അല്ലാഹു തന്നെ ഒരിക്കലും പാഴാക്കുകയില്ലെന്ന ദൃഢ ബോധം അവർക്കുണ്ടായിരിക്കും.

അവിടുന്ന് അരുളിച്ചെയ്തു:

എന്റെ സ്വന്തം അവസ്ഥ പറയട്ടെ, എന്നെ കത്തുന്ന അഗ്നിയിൽ വലിച്ചെറിഞ്ഞാൽ പോലും, ഞാൻ ഒരിക്കലും നശിപ്പിക്കപ്പെടുകയില്ല എന്ന ഉറച്ച ചിന്തയാണ് എനിക്കുള്ളത്! തീയായതുകൊണ്ട് സ്വാഭാവികമായും അതിൽ ആകുലത ഉണ്ടാകും. തീയാൽ മനുഷ്യൻ കരിഞ്ഞുപോകുമല്ലോ. എന്നാൽ അല്ലയോ അഗ്നീ, നീ ഇബ്രാഹിമിന് തണുപ്പും സമാധാനവുമായിത്തീരുക എന്ന ദൈവീകശബ്ദം മുഴങ്ങുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. മറ്റുള്ളവരുടെ മനോവ്യഥകളിലാകട്ടെ നിരാശയാണ്; വിഷാദാത്മകത്വമാണ്. ഈമാൻ ഇല്ലാത്തവരുടെ അവസ്ഥയാണത്. ദൈവത്തിൽ അവർക്ക് പ്രതീക്ഷയില്ലാത്തതിനാൽ അത് കുഫ്ർ ആകുന്നു!

പ്രയാസങ്ങളിൽ അല്ലാഹുവിൽ ഭരമേല്പിക്കുക എന്നത് പ്രവാചകന്മാരുടെ വിശിഷ്ട ഗുണമാണ്. അതുപോലെ ഒരു സത്യവിശ്വാസിയും പ്രവാചകന്മാരുടെ വിശിഷ്യാ നബിതിരുമേനി(സ)യുടെ തിരുചര്യ പിന്തുടർന്ന് നിരാശയും വിഷാദാത്മകത്വവും തന്നെ ബാധിക്കാതെ നോക്കേണ്ടതാണ്.

വ്യാകുലതയിലും അല്ലാഹുവിൽ പൂർണ്ണ തവക്കുൽ ഉണ്ടായിരിക്കണം. ലൗകിക മാർഗങ്ങൾ ഉപയോഗപ്പെടുത്തി, ദുആകളിൽ ശ്രദ്ധയൂന്നിക്കൊണ്ട് അല്ലാഹുവിൽ പൂർണ്ണമായി ഭരമേൽപ്പിക്കുകയാണ് വേണ്ടത്. അല്ലാഹുവിൽ തവക്കുൽ ചെയ്യാനും ഹതാശരായി തീരാതിരിക്കാനും അവിടുന്ന് സത്യവിശ്വാസികളെ ഉദ്ബോധിപ്പിച്ചു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) എഴുതുന്നു:

മുൻശി സഫർ അഹ്മദ് സാഹിബ് കപൂർത്തലവി (റ) വിവരിക്കുകയുണ്ടായി: ജൽസ സാലാന വേളയിൽ സാമ്പത്തിക ഞെരുക്കം കാരണം, ഹദ്റത്ത് മസീഹ് മൗഊദ് (അ) അതിഥികൾക്കായുള്ള സൽക്കാര സംവിധാനങ്ങൾ ഒരുക്കുന്നതിനായി തന്റെ ധർമ്മപത്നിയുടെ ആഭരണങ്ങൾ വിൽക്കുകയോ പണയം വെക്കുകയോ ചെയ്യുകയുണ്ടായി. രണ്ട്ദിവ

സങ്ങൾക്ക് ശേഷം വീണ്ടും ചെലവുകളെക്കുറിച്ചുള്ള ചിന്ത ഉടലെടുത്തപ്പോൾ, ഹദ്റത്ത് സാഹിബ് (അ) പറഞ്ഞു: ആരുടെ അതിഥികളാണോ അവൻ തന്നെ അതിനുള്ള സംവിധാനം ചെയ്യും! പിറ്റേന്ന് രാവിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് അമ്പതും നൂറും രൂപയുടെ നിരവധി മണിയോർഡറുകൾ എത്തിച്ചേരുകയുണ്ടായി!

അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ അവങ്കൽ നിന്ന് അദൃശ്യ സഹായങ്ങൾ എത്തിച്ചേരുന്നു എന്നതാണ് ഈ സംഭവത്തിൽ നിന്ന് നമുക്ക് ലഭിക്കുന്ന പാഠം.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) വിവരിക്കുന്നു:

ഞങ്ങളുടെ ഹദ്റത്ത് സാഹിബ് (ഹദ്റത്ത് മസീഹ് മൗഊദ്[അ]) എപ്പോഴും പറയുമായിരുന്നു: ചിലർ സമ്പത്തിൽ സന്തോഷം കൊള്ളുന്നു; ചിലർ സന്താനസൗഭാഗ്യത്തിൽ സന്തോഷിക്കുന്നു; വേറെ ചിലർ സംഘബലത്തിൽ സന്തോഷിക്കുന്നു.എന്റെ സന്തോഷമാകട്ടെ, എന്റെ ദൈവം സർവ്വശക്തൻ ആണ് എന്നതിലാണ്!

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു: യഥാർഥ റാസിഖ് (ഉപജീവനദാതാവ്) അല്ലാഹുവാണ്. അവനിൽ ഭരമേല്പിക്കുന്ന ഏതൊരുവനും ഒരിക്കലും റിസ്കിൽ നിന്ന് ഒഴിവാക്കപ്പെടുകയില്ല! തന്നിൽ തവക്കുൽ ചെയ്യുന്ന വ്യക്തിക്ക് അവൻ എല്ലാ നിലയിലും എല്ലാ ഭാഗത്തുനിന്നും ഉപജീവനം എത്തിച്ചുകൊടുക്കുന്നു. 'എന്നിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് തവക്കുൽ ചെയ്യുന്നവന് ഞാൻ ആകാശത്തുനിന്ന് വർഷിക്കുകയും അവന്റെ കാലടികളിലൂടെ ഉപജീവനം ഒരുക്കുകയും ചെയ്യുന്നു എന്നാണ് അല്ലാഹു പറയുന്നത്.അതിനാൽ ഓരോ വ്യക്തിയും അല്ലാഹുവിൽ തവക്കുൽ ചെയ്യേണ്ടതാണ്.

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി ഇർഫാനി സാഹിബ് (റ) നിവേദനം ചെയ്യുന്നു:

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹമൂദ് അഹ്മദ് (ഹദ്റത്ത് മുസ്ലിഹ് മൗഊദ് [റ]) കുട്ടിയായിരുന്ന കാലത്ത്, ഹദ്റത്ത് മസീഹ് മൗഊദ് (അ) വളരെ ഹൃദ്യമായ ഒരു ആത്മീയ കഥ പറഞ്ഞുകൊടുക്കുകയുണ്ടായി: ഒരു മഹാവ്യക്തിയുടെ ഉപദേശപ്രകാരം ഒരു കള്ളൻ മോഷണം ഉപേക്ഷിച്ച് അല്ലാഹുവിൽ തവക്കുലും തഖ്വയും അവലംബിച്ചു; അതോടെ അവന്റെ ആവശ്യങ്ങൾ അദൃശ്യമായ രീതിയിൽ പൂർത്തീകരിക്കപ്പെടാൻ തുടങ്ങി! ദിവ്യാനുരഗത്തിൽ ഹർഷോന്മദനായിത്തീരുമാറ് ഖുർആൻ വചനങ്ങൾ അയാളുടെ ഹൃദയത്തിൽ ദൈവികമഹത്ത്വവും ദിവ്യജ്ഞാനവും വർദ്ധിപ്പിച്ചു. യഥാർത്ഥ തവക്കുലും തഖ്വയും മനുഷ്യനെ ദൈവസാമീപ്യത്തിന്റെയും ദിവ്യജ്ഞാനത്തിന്റെയും അത്യുന്നത പദവികളിൽ എത്തിക്കുന്നുവെന്നും അവിടെ ലൗകിക ആവശ്യങ്ങൾ പോലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിറവേറ്റപ്പെടുന്നുവെന്നും ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

ഹുസൂർ അരുൾ ചെയ്തു:

കൊച്ചുകുട്ടികൾക്ക് ഗഹനമായ കാര്യങ്ങൾ മനസ്സിലാകുകയില്ല എന്ന് ആളുകൾ പൊതുവെ പറയാറുണ്ട്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ മകനായ ഹദ്റത്ത് മുസ്ലിഹ് മൗഊദ് അഥവാ ഹദ്റത്ത് മിർസാ ബഷീറുദ്ദീൻ മഹമൂദ് അഹ്മദ് സാഹിബിന് കേവലം ഒമ്പത് വയസ്സ് പ്രായമുള്ളപ്പോഴാണ് ഈ കഥ പറഞ്ഞുകൊടുത്തത്.നിശ്ചയമായും അദ്ദേഹത്തിന്റെ ബുദ്ധിശക്തിയും ഗ്രഹണശേഷിയും മനസ്സിലാക്കിക്കൊണ്ടായിരിക്കാം ഹദ്റത്ത് മസീഹ് മൗഊദ് (അ)ഈ കഥ പറഞ്ഞിട്ടുണ്ടാവുക. ആ കുട്ടിക്ക് അത് ഗ്രഹിക്കാൻ കഴിയുമെന്ന് അങ്ങേയ്ക്ക് അറിയാമായിരുന്നു. എന്നാൽ അതിലുപരിയായി, കുട്ടികളുടെ ഉള്ളിൽ ചെറുപ്പം തൊട്ടേ തവക്കുലിന്റെ പ്രാധാന്യം സംജാതമാകണമെന്ന ലക്ഷ്യവും അങ്ങയുടെ മുന്നിലുണ്ടായിരുന്നു. ആകയാൽ ഈ ശിക്ഷണതത്ത്വങ്ങൾ നമ്മൾക്കെല്ലാവർക്കും വഴികാട്ടിയത്രേ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരം പറയുമായിരുന്നു:

എന്റെ അടുക്കൽ ഏറ്റവും വലിയ മുശ്രിക്കുകൾ ആൽക്കമിസ്റ്റുകളാണ്. അവർ ഉപജീവനത്തിനായി ഇങ്ങനെ അലഞ്ഞുതിരിയുകയും, ഉപജീവത്തിനായി അല്ലാഹു നിശ്ചയിച്ച വിഹിതമായ മാർഗങ്ങൾ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നു... തഖ്വ സ്വായത്തമാക്കിയവൻ വാസ്തവത്തിൽ ലോകത്തിലെ സകല അനുഗ്രഹങ്ങളും ലഭിച്ചവനെപ്പോലെയാണ്. ഓർത്തുകൊള്ളുക! തഖ്വയുള്ള ഒരു മനുഷ്യനും ഒരിക്കലും മറ്റാരുടെയും ആശ്രിതനായിത്തീരുന്നില്ല; മറിച്ച് ചോദിക്കുന്നതിന് മുമ്പേ ആവശ്യപ്പെടുന്നതൊക്കെയും അല്ലാഹു അവന്റെ മുമ്പിൽ എത്തിച്ചുകൊടുക്കുന്ന പദവിയിലാണ് അവൻ.

അവിടുന്ന് (അ) അരുൾ ചെയ്തു:

ഒരു കശ്ഫിൽ ഞാൻ അല്ലാഹുവിനെ കണ്ടു. അല്ലാഹു തന്റെ കൈ എന്റെ തോളിലിട്ടുകൊണ്ട് ഇപ്രകാരം അരുളിച്ചെയ്തു: നീ പൂർണ്ണമായും എന്റേതായിത്തീരൂ, അപ്പോൾ മുഴുലോകവും നിന്റേതായിത്തീരും!

ആകയാൽ. സകല പ്രവാചകന്മാരും ഔലിയാക്കളും സ്വാലിഹീങ്ങളും പരീക്ഷിച്ചറിഞ്ഞ ഏറ്റവും വലിയ മാർഗമാണിത്. വിവരമില്ലാത്ത വിഡ്ഢികൾ ഇത് ഉപേക്ഷിച്ച് ഔഷധമൂലികകളും മറ്റും തേടി അലഞ്ഞുതിരിയുന്നു! ഈ ഔഷധമൂലികകൾ സൃഷ്ടിച്ച

നാഥന് വേണ്ടി അവർ ഇത്രയധികം കഠിനാധ്വാനം ചെയ്തിരുന്നുവെങ്കിൽ, തങ്ങൾ ആഗ്രഹിച്ച സകല ലക്ഷ്യങ്ങളും അവർ പ്രാപിച്ചേനെ.

ഹുസൂർ പറയുന്നു:

പാതിരി അബ്ദുല്ല ആഥിമിന്റെ കാര്യത്തിൽ പതിനഞ്ച് മാസത്തിനകം മരിച്ചുപോകുമെന്നായിരുന്നുപ്രവചനം. പതിനഞ്ച് മാസത്തിന്റെ കാലാവധി പൂർത്തിയായിക്കൊണ്ടിരുന്ന വേളയിൽ, ചില സുഹൃത്തുക്കൾ ആഥി മരിക്കാൻ വേണ്ടി കരഞ്ഞു പ്രാർത്ഥിച്ചുകൊണ്ടിരുന്നു! എന്നാൽ സുഹൃത്തുക്കളുടെ ഈ പ്രവൃത്തി ഹദ്റത്ത് സാഹിബ്(അ) ഇഷ്ടപ്പെട്ടില്ല; അവിടുന്ന് പറഞ്ഞു: തന്റെ വചനത്തെ ചൊല്ലി അല്ലാഹുവിനേക്കാൾ അഭിമാനബോധം ആർക്കെങ്കിലും ഉണ്ടാകുമോ?!

അവിടുന്ന് അരുളിച്ചെയ്തു: അല്ലാഹു ഇങ്ങനെ സംഭവിക്കുമെന്ന് പറഞ്ഞുകഴിഞ്ഞ സ്ഥിതിക്ക്, അത് അങ്ങനെത്തന്നെ സംഭവിക്കുമെന്ന് നാം വിശ്വസിക്കേണ്ടതാണ്... ഒരാളെ നാം സത്യവാനായി അംഗീകരിച്ചുകഴിഞ്ഞാൽ, അദ്ദേഹത്തിന്റെ വാക്കുകളിൽ പൂർണ്ണമായി വിശ്വസിക്കുക എന്നത് മാത്രമാണ് നമ്മുടെ ഉത്തരവാദിത്തം.

അബ്ദുല്ല ആഥിമുമായുള്ള സംവാദ വേളയിൽ, ചില സുഹൃത്തുക്കളുടെ അഭിപ്രായത്തിൽ മറുപടി നൽകാൻ പ്രയാസകരമെന്ന് തോന്നിയ ചില ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു; പരസ്പരം കൂടിയാലോചന നടത്തി പ്രസ്തുത ചോദ്യങ്ങൾക്ക് മറുപടി കണ്ടെത്താം എന്നവർ ധരിച്ചു. അത്തരം സന്ദർഭങ്ങളിൽ, പ്രയോജനപ്രദമായ ചില റഫറൻസുകൾ ശേഖരിച്ചുകൊണ്ട് ചിലർ ഹദ്റത്ത് സാഹിബിന്റെ സന്നിധിയിൽ വന്ന് പറഞ്ഞു: ഹുസൂർ! നാളത്തെ സംവാദത്തിന് മുന്നോടിയായി നമുക്ക് അല്പം കൂടിയാലോചനകൾ നടത്താവുന്നതാണ്. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) മന്ദഹസിച്ചുകൊണ്ട് പറഞ്ഞു:നിങ്ങളുടെ ദുആ മാത്രം മതി!

ഹദ്റത്ത് മിർസാ ബഷീർ അഹ്മദ് സാഹിബ് (റ) എഴുതുന്നു:

പ്രവാചകന്മാർ മിക്ക കാര്യങ്ങളിലും അഭിപ്രായം ആരായാറുണ്ട്. അവരെക്കാൾ അഭിപ്രായം ആരായുന്നവരായി മറ്റാരും തന്നെയില്ല. എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിൽ മറ്റു ഭൗതിക മാർഗ്ഗങ്ങളെയെല്ലാം ഒഴിവാക്കിക്കൊണ്ട് കേവലം അല്ലാഹുവിന്റെ പ്രത്യേക സഹായത്തിൽ വിശ്വാസം അർപ്പിക്കാൻ അവർ ഇഷ്ടപ്പെടുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) *ആയ്നയെ കമാലാത്തെ ഇസ്ലാം* എന്ന ഗ്രന്ഥത്തിന്റെ അറബി ഭാഗം രചിച്ചുകൊണ്ടിരുന്ന വേളയിൽ, രണ്ട് പേജുള്ള ഒരു വലിയ കടലാസ് തുണ്ട് ഹദ്റത്ത് ഹക്കീം മൗലവി നൂറുദ്ദീൻ സാഹിബ് (റ)ന് നൽകുകയുണ്ടായി. പേർഷ്യൻ ഭാഷയിൽ തർജ്ജമ ചെയ്യാൻ വേണ്ടി ഹദ്റത്ത് മൗലവി അബ്ദുൽ കരീംസാഹിബ് സിയാൽകോട്ടി(റ)ക്ക് എത്തിച്ചുകൊടുക്കാനുള്ളതായിരുന്നു അത്. വളരെ മനോഹരമായ ആശയം അല്ലാഹു മനസ്സിലാക്കിത്തന്നതിനാൽ അതിന്റെ ഭാഷാതെളിമയിലും ശൈലീഭംഗിയിലും ഹദ് റത്ത് മസീഹ് മൗഊദ് (അ)ന് അഭിമാനമായിരുന്നു. എന്നാൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (റ)ൽ നിന്ന് ആ ഏടുകൾ എവിടെയോ വീണുപോയി! ആ താളുകളെക്കുറിച്ച് ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) അന്വേഷിച്ചപ്പോൾ, മൗലവി നൂറുദ്ദീൻ സാഹിബ് (റ)വിളർത്തുപോയി. എല്ലായിടത്തും പരതി നോക്കിയിട്ടും ആ താളുകൾ കണ്ടെത്താൻ കഴിഞ്ഞില്ല. ഈ വിവരം ഹദ്റത്ത് മസീഹ് മൗഊദ് (അ)അറിഞ്ഞപ്പോൾ പതിവുപോലെ മന്ദസ്മിതനായി പുറത്തേക്ക് വന്നു. യാതൊരുവിധ നീരസവും അസ്വസ്ഥതയും പ്രകടിപ്പിക്കാതെ, മറിച്ച് മൗലവി സാഹിബിന് ഈ സംഭവത്തിൽ വ്യഥയുണ്ടായല്ലോ എന്ന് കരുതി തിരിച്ചങ്ങോട്ട് അദ്ദേഹത്തോട് ക്ഷമാപണം ചെയ്യുകയുണ്ടായത്.

അവിടുന്ന് പറഞ്ഞു: ആ രേഖ നഷ്ടപ്പെട്ടതുകൊണ്ട് മൗലവി സാഹിബിന് വെറുതെ വിഷമം ഉണ്ടാകേണ്ടി വന്നല്ലോ എന്നോർത്ത് എനിക്ക് വലിയ ഖേദമുണ്ട്! എന്നാൽ അല്ലാഹു തന്റെ അനുഗ്രഹത്താൽ നഷ്ടപ്പെട്ടുപോയ ആ കടലാസുകളേക്കാളും എത്രയോ മികച്ച ആശയങ്ങളും വാക്യങ്ങളും എഴുതാനുള്ള തൗഫീഖ് തന്നരുളുമെന്നാണ് എന്റെ അടിയുറച്ച വിശ്വാസം.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളിച്ചെയ്യുന്നു: ലൗകിക വിരക്തിയും ലളിതജീവിതവും മുഖേന ഇസ്ലാമിന് സേവനം ചെയ്യുന്നവൻ ഒരു മുഅ്ജിസത്തും അടയാളവുമായിത്തീരുന്നു! എന്നാൽ സംഘബലത്താൽ ചെയ്യുന്ന വ്യക്തിക്ക് അതിന്റെ രസം ലഭിക്കുകയില്ല. എന്തെന്നാൽ അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നതിന്റെ യഥാർഥ മാധുര്യം അവിടെ ഇല്ലാതാകുന്നു. തവക്കലോടു കൂടി പ്രവർത്തിക്കുന്ന പക്ഷം അല്ലാഹു സഹായിക്കുന്നതാണ്. ഇതിന്റെയല്ലാം ഉദ്ഭവം ആധ്യാത്മികതയാണ്.

അവിടുന്ന് (അ) അരുളിച്ചെയ്തു:

മനുഷ്യനെ വിജയത്തിലേക്കും ലക്ഷ്യപ്രാപ്തിയിലേക്കും നയിക്കുന്ന സവിശേഷമായ ഒന്നാണ് വാസ്തവത്തിൽ തവക്കുൽ. അല്ലാഹു അരുൾ ചെയ്യുന്നു: ആരെങ്കിലും അല്ലാഹുവിൽ തവക്കുൽ ചെയ്താൽ, അവന് അല്ലാഹു മതിയായവനാണ്. എന്നാൽ ഒരുനിബന്ധന ഉണ്ട്: സത്യഹൃദയത്തോടെ തവക്കുലിന്റെ യഥാർത്ഥ അന്തസ്സത്ത ഗ്രഹിച്ചുകൊണ്ട്, ആത്മാർഥ ഹൃദയത്തോടെ മുന്നോട്ട്

ചുവടുവെക്കുന്നവനും, പ്രയാസങ്ങളിൽ തളർന്നു പിന്മാറാതെ സഹനം വലംബിക്കുന്നവനുമായിരിക്കണം!

ഹുസൂർ(അ) അരുളിച്ചെയ്തു:

മനുഷ്യന്റെ മനസ്സിൽ ദീനിനെക്കുറിച്ച് നൊമ്പരമുണ്ടെങ്കിൽ ലോകത്തെ സകല പ്രവൃത്തികളും അല്ലാഹു സ്വയം ഏറ്റെടുക്കുന്നു. എന്നാൽ പരിതാപകരമെന്നു പറയട്ടെ, മഹാദുരന്തങ്ങളും ആപത്തുകളും ദിനംപ്രതി സംഭവിക്കുന്നുണ്ടെങ്കിലും ആളുകൾ അതിലൊന്നും യാതൊരുവിധ ശ്രദ്ധയും നൽകുന്നില്ല! ഇവരേക്കാൾ ഭേദം ഹദ്റത്ത് മൂസാനബി(അ) യുടെ കാലത്തെ അവിശ്വാസികളായിരുന്നു. എന്തെന്നാൽ, അവർക്ക് മേൽ ശിക്ഷ ഇറങ്ങുമ്പോൾ ആ സമയത്തെയെങ്കിലും അവർ ശ്രദ്ധിക്കുകയും, ഈ ശിക്ഷ നീങ്ങിയാൽ ഞങ്ങൾ വിശ്വസിക്കാം എന്ന് പറയുകയും ചെയ്തിരുന്നു! ഇക്കാലത്തെ അവിശ്വാസികളാകട്ടെ, അവരെക്കാളും കഠിനഹൃദയരാണ്. പുതിയ ശിക്ഷകളും വിഭിന്ന രൂപത്തിലുള്ള ദൈവികകോപങ്ങളും ദിനംപ്രതി ഇറങ്ങിക്കൊണ്ടിരിക്കുന്നുവെങ്കിലും, ഇവരുടെ കാതുകളിൽ അതൊന്നും ഏശുന്നതേയില്ല. അവസാനകാലത്ത് വിവിധ തരത്തിലുള്ള ആപത്തുകളും ശിക്ഷകളും വരുമെന്നും, ആ സമയത്ത് ചിലർ സന്മാർഗ്ഗം പ്രാപിക്കുകയും ഭൂരിഭാഗം പേരും നശിച്ചുപോകുകയും ചെയ്യുമെന്നും അല്ലാഹു പണ്ടേ വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. അല്ലാഹു ദൃഷ്ടാന്തങ്ങൾ കാണിച്ചു തരുന്നുണ്ട്; എന്നാൽ യഥാർത്ഥ മുഅ്മിനീങ്ങളേ ആ ദൃഷ്ടാന്തങ്ങൾ പ്രയോജനപ്പെടുത്തുന്നുള്ളൂ.

ഹുസൂർ അൻവർ പ്രാർത്ഥിച്ചുകൊണ്ട് അരുൾ ചെയ്തു:

ഈ ലൗകികർക്ക് അല്ലാഹു ബുദ്ധി നല്കുമാറാകട്ടെ. അവർ അല്ലാഹുവിലേക്ക് മടങ്ങി തങ്ങളുടെ ഇഹപരജീവിതം നന്നാക്കിത്തീർക്കട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ വിശ്വസിക്കുന്ന നമുക്കും അല്ലാഹു ഈമാനും യഖീനും വർദ്ധിപ്പിച്ചു തരുമാറാകട്ടെ; പ്രാർത്ഥനകളോടൊപ്പം തവക്കുലിന്റെ ഉന്നതമായ പദവികൾ സ്വായത്തമാക്കി അതിൽ നിരന്തരം അഭിവൃദ്ധി പ്രാപിക്കുന്നവരായി നാം മാറട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔


**FRIDAY SERMON SUMMARY**

DELIVERED BY

**HAZRAT KHALIFATUL MASIH V(ATBA)**

MASJID MUBARAK UK ON 9.10.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY ARIF MOHAMMED BM

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516